174 (2490) കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടികൾ

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന് സംസ്ഥാനത്ത് എന്തെല്ലാം പരിപാടികളാണ് നടപ്പാക്കി വരുന്നത്;

(ബി) കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി ആധുനിക പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ രോഗം ബാധിച്ചവർക്ക് എന്തെല്ലാം ധനസഹായങ്ങൾ നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 100% കേന്ദ്ര സഹായത്തോടുകൂടി ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി കേരളത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) എം.എൽ.ഇ.സി 1-ാം ഘട്ടം 98 മുതലും രണ്ടാം ഘട്ടം 2000 ഫെബ്രുവരി, മാർച്ച് മാസങ്ങളിലും നടപ്പിലാക്കി വരുന്നുണ്ട്.

(സി) 2400/- രൂപയിൽ താഴെ വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 200/- രൂപാ വീതം പെൻഷൻ നൽകി വരുന്നുണ്ട്. രോഗവിമുക്തരായവർക്കും രോഗം പകർത്താത്തവർക്കുമായി പ്രത്യേകമായ സർക്കാരിന്റെ പുനരധിവാസ പരിപാടിയിൽകൂടി സ്വയം തൊഴിൽ ചെയ്യുന്നതിനായി 2000/- രൂപയും നൽകി വരുന്നുണ്ട്.

175 (2491) കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനം

ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനം ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ കുഷ്ഠരോഗനിർമ്മാർജ്ജന പ്രവർത്തനം എപ്പോൾ അവസാനിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ മേഖലയിൽ ജോലി നോക്കുന്ന ജീവനക്കാരെ ജനറൽ ഹെൽത്ത് സർവീസിലേക്ക് മാറ്റി നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വേൾഡ് ബാങ്ക് പ്രോജക്ടിന്റെ ഒന്നാം ഘട്ടം 2000 മാർച്ച് 31-ന് അവസാനിക്കുകയും രണ്ടാം ഘട്ടം ഏപ്രിൽ 2000 ന് ആരംഭിക്കുകയും ചെയ്യുന്നു.

(സി)&(ഡി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

176 (2492) കുഷ്ഠരോഗ നിവാരണ പദ്ധതി

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കുഷ്ഠരോഗികൾ ഉണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി (എൻ.എൽ.ഇ.പി.) ഈ വർഷം മാർച്ച് 31-ന് അവസാനിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പദ്ധതി തുടർന്ന് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതനുസരിച്ചുള്ള തസ്തികയിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാരെ ഏതു തസ്തികയിലാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനുവരി 2000-ലെ കണക്കനുസരിച്ച് 4006 രോഗബാധിതർ ആണുള്ളത്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	965
കൊല്ലം	-	170
പത്തനംതിട്ട	-	62
ആലപ്പുഴ	-	304
കോട്ടയം	-	148
ഇടുക്കി	-	51
എറണാകുളം	-	520
തൃശ്ശൂർ	-	199
പാലക്കാട്	-	457
മലപ്പുറം	-	306
വയനാട്	-	42
കോഴിക്കോട്	-	376
കണ്ണൂർ	-	219
കാസർഗോഡ്	-	187

(സി) ഉണ്ട്.

(ഡി)&(ഇ) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly